سورة المعارج

70. സൂറത്തുൽ മആരിജ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 44 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَأَلَ سَآئِلُۢ بِعَذَابٖ وَاقِعٖ ﴿١﴾

﴾1﴿ സംഭവി(ക്കുവാനിരി)ക്കുന്ന ശിക്ഷയെ ഒരു ചോദ്യകർത്താവ് ചോദിച്ചാവശ്യപ്പെടുകയാണ്,-

لِّلۡكَٰفِرِينَ لَيۡسَ لَهُۥ دَافِعٞ ﴿٢﴾

﴾2﴿(അതെ) അവിശ്വാസികൾക്ക് (സംഭവിക്കുന്നത്); അതിനെ തടുക്കുന്നതൊന്നും (തന്നെ) ഇല്ല,-

مِّنَ ٱللَّهِ ذِي ٱلۡمَعَارِجِ ﴿٣﴾

﴾3﴿ കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിൽനിന്ന് (സംഭവിക്കുന്നത്).

تَعۡرُجُ ٱلۡمَلَٰٓئِكَةُ وَٱلرُّوحُ إِلَيۡهِ فِي يَوۡمٖ كَانَ مِقۡدَارُهُۥ خَمۡسِينَ أَلۡفَ سَنَةٖ ﴿٤﴾

﴾4﴿ മലക്കുകളും 'റൂഹും' [ആത്മാവും] അവങ്കലേക്ക് കയറിപ്പോകുന്നു, -അമ്പതിനായിരം കൊല്ലം വലുപ്പം ഉള്ളതായ ഒരു ദിവസത്തിൽ!

فَٱصۡبِرۡ صَبۡرٗا جَمِيلًا ﴿٥﴾

﴾5﴿എന്നാൽ (നബിയേ), നീ ഭംഗിയായ ക്ഷമ കൈ കൊള്ളുക.

إِنَّهُمْ يَرَوْنَهُۥ بَعِيدًا ﴿٦﴾	﴿6﴾ നിശ്ചയമായും അവര്‍ അതിനെ വിദൂരമായ ഒന്നായി കാണുന്നു;
وَنَرَىٰهُ قَرِيبًا ﴿٧﴾	﴿7﴾ നാം അതിനെ അടുത്ത തായും കാണുന്നു.

﴿1﴾ سَأَلَ ചോദിച്ചു (ആവശ്യപ്പെട്ടു) سَآئِلٌۢ ഒരു ചോദിക്കുന്നവന്‍, ചോദ്യകര്‍ത്താവ് (ഒരാള്‍) بِعَذَابٍ ശിക്ഷയെ, ശിക്ഷക്ക് وَاقِعٍ സംഭവിക്കുന്ന ﴿2﴾ لِّلْكَـٰفِرِينَ അവിശ്വാസികള്‍ക്ക് لَيْسَ لَهُۥ അതിനില്ല دَافِعٌ തടുക്കുന്നതൊന്നും, ഒരു തടവും ﴿3﴾ مِّنَ ٱللَّهِ അല്ലാഹുവിങ്കല്‍നിന്ന് ذِى ٱلْمَعَارِجِ കയറുന്ന മാര്‍ഗങ്ങളുടെ (ആരോഹണസ്ഥാനങ്ങളുടെ- സോപാനങ്ങളുടെ- പദവികളുടെ) ഉടമയായ (അധിപനായ) ﴿4﴾ تَعْرُجُ കയറുന്നു, ആരോഹണം ചെയ്യും ٱلْمَلَـٰٓئِكَةُ മലക്കുകള്‍ وَٱلرُّوحُ റൂഹും (ആത്മാവും) إِلَيْهِ അവങ്കലേക്ക് فِى يَوْمٍ ഒരു ദിവസത്തില്‍ كَانَ مِقْدَارُهُۥ അതിന്റെ തോത് (അളവ്- വലുപ്പം- കണക്ക്) ആകുന്നു خَمْسِينَ أَلْفَ അമ്പതിനായിരം سَنَةٍ കൊല്ലം ﴿5﴾ فَٱصْبِرْ എന്നാല്‍ ക്ഷമിക്കുക صَبْرًا جَمِيلًا ഭംഗിയായ (നല്ല) ക്ഷമ ﴿6﴾ إِنَّهُمْ يَرَوْنَهُۥ നിശ്ചയമായും അവര്‍ അതിനെ കാണുന്നു بَعِيدًا വിദൂരമാണെന്ന്, ദൂരപ്പെട്ടതായി ﴿7﴾ وَنَرَىٰهُ നാമതിനെ കാണുകയും ചെയ്യുന്നു قَرِيبًا അടുത്തതായി

വാചകഘടനയില്‍ പരസ്പരം ബന്ധപ്പെട്ടുകൊണ്ടുള്ള ഈ മൂന്ന് വചനങ്ങള്‍ക്കും കൂടി ഒന്നിച്ച് ഇങ്ങനെ അര്‍ത്ഥം നല്‍കാം: കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള യാതൊരുവിധ തടവും ഉണ്ടായിരിക്കാത്ത അവിശ്വാസികള്‍ക്ക് സംഭവിക്കാനിരിക്കുന്ന ശിക്ഷയെ ഒരാള്‍ ചോദിച്ചാവശ്യപ്പെടുകയാണ്. വ്യാഖ്യാനം താഴെ വരുന്നുണ്ട്.

المعارج (മആരിജ്) എന്ന വാക്കിന് 'കയറുന്ന സ്ഥാനങ്ങള്‍' എന്നത്രെ വാക്കര്‍ത്ഥം. കോണിപ്പടികള്‍, സോപാനങ്ങള്‍, ഉയര്‍ന്നപദവികള്‍, ആരോഹണ മാര്‍ഗങ്ങള്‍ എന്നിങ്ങനെ പല അര്‍ത്ഥങ്ങളും അതുകൊണ്ട് ഉദ്ദേശിക്കപ്പെടുകയും ചെയ്യാം. എന്നാല്‍ അല്ലാഹുവിന്റെ വിശേഷണമായി 'കയറിച്ചെല്ലുന്ന സ്ഥാനങ്ങളുടെ അധിപന്‍(ذي المعارج)' എന്ന് പറഞ്ഞതിന്റെ വ്യാഖ്യാനത്തില്‍ ഒന്നിലധികം അഭിപ്രായങ്ങളുണ്ട്. ഇവിടെ المعارج കൊണ്ടുദ്ദേശ്യം ആകാശങ്ങളാണെന്നും, ആകാശങ്ങളില്‍ മലക്കുകള്‍ കയറിപ്പോകുന്ന പ്രത്യേകസ്ഥാനങ്ങളാണെന്നും, ഉയര്‍ന്ന പദവികള്‍ എന്നാണെന്നും മറ്റുമാണ് ആ അഭിപ്രായങ്ങള്‍. എന്നാല്‍, തൊട്ടവചനത്തില്‍, ആ വാക്കിന്റെ വിശദീകരണമെന്നോണം 'മലക്കുകളും റൂഹും അവനിലേക്ക് കയറിച്ചെല്ലുന്നു'(تعرج الملئكة والروح اليه) എന്ന് പറഞ്ഞിരിക്കകൊണ്ട് മലക്കുകള്‍ കയറിച്ചെല്ലുന്ന സ്ഥാനങ്ങള്‍ എന്ന് വെക്കുന്നതിനാണ് കൂടുതല്‍ ന്യായം

കാണുന്നത്. അഥവാ ആകാശലോകങ്ങളിൽ മലക്കുകൾക്ക് കയറിച്ചെല്ലാവുന്നതും ഓരോരുത്തരുടെയും നിലപാടനുസരിച്ച് വ്യത്യസ്ത പദവികളോടു കൂടിയതുമായ സ്ഥാനങ്ങളായിരിക്കാം അവ. വാസ്തവം അല്ലാഹുവിനറിയാം.

'റൂഹ്' (الروح) കൊണ്ടുദ്ദേശ്യം ജിബ്രീൽ (അ) എന്ന മലക്കാണെന്നാണ് അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ജിബ്രീലിനെ ഉദ്ദേശിച്ചു 'റൂഹ്' എന്ന് പറയപ്പെടാറുണ്ട്, ഖുർആനിലും അങ്ങനെ ഉപയോഗിച്ചിരിക്കുന്നു. (സൂ: ശുഅറാഉ്, 193 ഉം വ്യാഖ്യാനവും നോക്കുക.) അപ്പോൾ, മലക്കുകളുടെ കൂട്ടത്തിൽ പ്രമുഖൻ അദ്ദേഹമായതുകൊണ്ട് മലക്കുകളെപ്പറ്റി മൊത്തത്തിൽ പ്രസ്താവിച്ച ശേഷം അദ്ദേഹത്തിന്റെ പേർ പ്രത്യേകം എടുത്തുപറഞ്ഞതായിരിക്കാം. മനുഷ്യാത്മാക്കളാണ് അതുകൊണ്ടുദ്ദേശ്യമെന്നത്രെ മറ്റൊരു അഭിപ്രായം. വേറെയും അഭിപ്രായമുണ്ട്. അമ്പതിനായിരം കൊല്ലത്തെ വലുപ്പമുള്ള ദിവസം (يوم كان مقداره خمسين ألف سنة) എന്ന് പറഞ്ഞത് ഖിയാമത്ത് നാളാകുന്നു. തുടർന്നുള്ള ആയത്തുകൾ വായിക്കുമ്പോൾ ഇത് മനസ്സിലാകുന്നതാണ്. കൂടാതെ, നബിവചനങ്ങളിൽനിന്ന് ഇത് വ്യക്തമായും മനസ്സിലാക്കാം. നബിﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം കാണാവുന്നതാണ്: 'കടമകൾ നിറവേറ്റാതെ ധനം നിക്ഷേപിച്ചുവെക്കുന്നവന്റെ ധനം തകിടുകളാക്കി നരകാഗ്നിയാൽ ചുട്ടുപഴുപ്പിച്ച് അവന്റെ നെറ്റിയും ഭാഗങ്ങളും മുതുകും അതുകൊണ്ട് പൊള്ളിക്കും. നിങ്ങൾ എണ്ണിവരുന്ന അമ്പതിനായിരം കൊല്ലത്തെ വലുപ്പമുള്ള ഒരു ദിവസം അല്ലാഹു അവന്റെ അടിയാൻമാർക്കിടയിൽ വിധികൽപിക്കുന്നതുവരേക്കും അതങ്ങിനെയിരിക്കും. പിന്നെ അവന്റെ വഴി ഒന്നുകിൽ സ്വർഗത്തിലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ അവൻ കാണും.' (അ; മു.)

എന്നാൽ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ആ ദിവസത്തിന്റെ വമ്പിച്ച ദൈർഘ്യം അവർക്ക് ഒരു സാധാരണ നിർബന്ധനമസ്കാരത്തിന്റെ സമയത്തേക്കാൾ ലഘൂകരിക്കപ്പെടുന്നതാണെന്ന് അഹ്മദും ബൈഹഖീയും (റ) മറ്റും ഉദ്ധരിച്ച ഹദീഥുകളിൽ വന്നിട്ടുണ്ട്. അപ്പോൾ, അമ്പതിനായിരം കൊല്ലത്തെ വലുപ്പം എന്ന് പറഞ്ഞതിന്റെ താൽപര്യം, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ആ ദിവസം അത്രയും ദൈർഘ്യം തോന്നുന്നതും, വിഷമം നിറഞ്ഞതുമാണ് എന്നായിരിക്കും. അതല്ല, ശരിക്കും കൃത്യമായ അമ്പതിനായിരം കൊല്ലം തന്നെയാണുദ്ദേശ്യമെന്നും വരാവുന്നതാണ്. വാസ്തവം അല്ലാഹുവിനറിയാം. സൂ: സജദഃയിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യം നിയന്ത്രിച്ചുവരുന്നു. പിന്നീട് നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലം വലുപ്പമുള്ള ഒരു ദിവസത്തിൽ അത് അവങ്കലേക്ക് കയറി (ഉയർന്ന്) പോകുന്നു.' يدبر الأمر من السماء –إلى قوله ألف سنة مما تعدون– السجدة:٥ ഈ രണ്ട് വചനങ്ങളും ഖിയാമത്ത് നാളിനെ സംബന്ധിച്ചുതന്നെയാണുള്ളത്. ആ നാളിലെ ചില വ്യത്യസ്ത ഘട്ടങ്ങളെയാണ് ഇത് കുറിക്കുന്നതെന്നത്രെ ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. ആയിരം കൊല്ലമെന്നും, അമ്പതിനായിരം കൊല്ലമെന്നും

പറഞ്ഞിരിക്കുന്നതിനെപ്പറ്റി ഒരാൾ ഇബ്നു അബ്ബാസ് (റ)നോട് ചോദിക്കുകയുണ്ടായെന്നും, അദ്ദേഹം ഇപ്രകാരം മറുപടി നൽകിയെന്നും ഇബ്നുജരീർ (റ) ഉദ്ധരിച്ചിരിക്കുന്നു: هما يومان ذكرهما الله الله أعلم بهما واكره أن أقول في كتاب الله بما لا أعلم (സാരം: അങ്ങനെ രണ്ട് ദിവസങ്ങളെപ്പറ്റി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവയെപ്പറ്റി അല്ലാഹുവിനറിയാം. അല്ലാഹുവിന്റെ കിത്താബിൽ എനിക്ക് അറിയാത്തതിനെക്കുറിച്ച് പറയുവാൻ ഞാൻ മടിക്കുന്നു.) നമുക്കും ഇവിടെ പറയുവാനുള്ളത് ഇതു തന്നെ. സൂ: സജദഃ 5 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുക.

ഇതുപോലെത്തന്നെ മലക്കുകളും റൂഹും- അഥവാ ജിബ്രീലും അല്ലെങ്കിൽ മനുഷ്യാത്മാവും- അല്ലാഹുവിങ്കലേക്ക് കയറിച്ചെല്ലും എന്ന് പറഞ്ഞതിന്റെ താൽപര്യവും എന്താണെന്ന് നമുക്ക് തിട്ടപ്പെടുത്തിപറയുവാൻ സാധ്യമല്ല. സൂ: സജദഃയിലെ ആയത്തിൽ 'പിന്നീട് ആയിരംകൊല്ലം വലുപ്പമുള്ള ഒരു ദിവസം കാര്യം അല്ലാഹുവിങ്കലേക്ക് കയറുന്നു' എന്ന് പറഞ്ഞുവല്ലോ. സൂ: ഫാത്വിറിൽ 'നല്ല വാക്കുകൾ അവങ്കലേക്ക് കയറുന്നു, സൽക്കർമത്തെ അവങ്കലേക്ക് ഉയർത്തുകയും ചെയ്യുന്നു' (اليه يصعد الكلم الطيب الخ–فاطر : ١٠) എന്ന് പറഞ്ഞിരിക്കുന്നു. ഈ രണ്ട് വചനങ്ങളും അവയുടെ വ്യാഖ്യാനത്തിൽ വായിച്ച സംഗതികളും ഇവിടെയും ഓർക്കുന്നത് നന്നായിരിക്കും. സൂ: ഹൂദ് 123ൽ وإليه يرجع الأمر كله (കാര്യങ്ങളെല്ലാം അവങ്കലേക്ക് മടക്കപ്പെടുന്നു) എന്ന് പറഞ്ഞിട്ടുള്ളതും പ്രസ്താവ്യമാകുന്നു. 'മലക്കുകളും റൂഹും അവങ്കലേക്ക് കയറും' എന്ന വചനത്തിന്റെ താൽപര്യം മനസ്സിലാക്കുന്നതിന് ഇതെല്ലാം സഹായകമായിത്തീരുന്നതാണ്. അന്തിമമായ നടപടിയുടെയും തീരുമാനത്തിന്റെയും ദിവസമാണല്ലോ ഖിയാമത്ത് നാൾ. അന്ന് മലക്കുകളും ആത്മാക്കളുമെല്ലാം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുമെന്നുള്ളതിൽ സംശയമില്ല.

വളരെ വിചിത്രമായ ഒരു വ്യാഖ്യാനം ചില പുത്തൻ വ്യാഖ്യാനക്കാർ ഇവിടെ നടത്തിക്കാണുന്നു. മനുഷ്യന്റെ പുരോഗമനം ഇവിടംകൊണ്ടവസാനിക്കുന്നില്ല, മരണാനന്തരവും അവൻ പുരോഗമിച്ചുകൊണ്ടേയിരിക്കും,അങ്ങനെ ഒരു അമ്പതിനായിരം കൊല്ലം -അഥവാ ദീർഘമായ ഒരു കാലം- കൊണ്ട് അവൻ പുരോഗമിച്ചു അല്ലാഹുവിങ്കലെത്തിച്ചേരും, ഇതിൽ മലക്കുകൾ അവനെ സഹായിച്ചുകൊണ്ടുമിരിക്കും.'എന്നൊക്കെയാണ് മലക്കുകളും റൂഹും അല്ലാഹുവിലേക്ക് കയറിച്ചെല്ലും' എന്ന വാക്യത്തിന് ഇവർ നൽകുന്ന വ്യാഖ്യാനം. പുരോഗമനവാദികളാണെന്ന് സ്വയം അഭിമാനിക്കുന്നവരുടെ ദൃഷ്ടിയിൽ ഈ വ്യാഖ്യാനം ഒരു പക്ഷേ രസകരമായിത്തോന്നാമെങ്കിലും, സത്യാന്വേഷികൾക്ക് ഇതിനോട് യോജിക്കുവാൻ മാർഗം കാണുന്നില്ല. കാരണം, ഈ വ്യാഖ്യാനം മനുഷ്യനെ അല്ലാഹുവിനോളം ഉയർത്തുകയും, അതേ സമയത്ത് അല്ലാഹുവിനെ മനുഷ്യനിലേക്ക് താഴ്ത്തുകയുമാണ് ചെയ്യുന്നതെന്ന് അൽപം ആലോചിച്ചാൽ അറിയാവുന്നതാണ്. (معاذ الله) എത്രതന്നെ- എത്രകാലംതന്നെ- പുരോഗമിച്ചുകൊണ്ടിരുന്നാലും അല്ലാഹുവിന്റെ സ്ഥാനം പ്രാപിക്കുവാൻ മനുഷ്യനാകട്ടെ, മറ്റാർക്കെങ്കി

ലുമാകട്ടെ സാധ്യമല്ലതന്നെ. (تعالى الله عن ذلك) 'പുരോഗമനം' എന്ന വാക്ക് ഉരുവിടുന്നതുപോലും ഒരു പുരോഗമനമായി കരുതുന്ന ഇത്തരക്കാരെപ്പറ്റി നമുക്ക് ഇതേ പറയുവാനുള്ളൂ وما قدروا الله حق قدره (അവർ അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം അവനെ കണക്കാക്കിയില്ല)

അവിശ്വാസികൾക്ക് ക്വിയാമത്തുനാളിൽ അല്ലാഹുവിങ്കൽനിന്ന് ശിക്ഷ ലഭിക്കുന്നതാണെന്നും, അത് തടയുവാൻ ആരാലും സാധ്യമല്ലെന്നും നബിﷺ താക്കീത് ചെയ്യുന്നതിനെ പരിഹസിച്ചുകൊണ്ട് അങ്ങനെയുണ്ടെങ്കിൽ ആ ശിക്ഷ ഇപ്പോൾതന്നെ ഒന്ന് കാണട്ടെ എന്ന് മുശ്‌രിക്കുകൾ ആവശ്യപ്പെട്ടിരുന്നു. 'അല്ലാഹുവേ! ഇവൻ പറയുന്ന ഇതൊക്കെത്തന്നെയാണ് പരമാർത്ഥമെങ്കിൽ നീ കല്ലുമഴ വർഷിപ്പിക്കുകയോ, വേദനയേറിയ ഏതെങ്കിലും ശിക്ഷ ഞങ്ങൾക്ക് തരുകയോ ചെയ്തേക്കുക!' എന്ന് അവിശ്വാസികൾ പറഞ്ഞതായി സൂ: അൻഫാൽ 32 ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള അവരുടെ പരിഹാസ ചോദ്യങ്ങളെക്കുറിച്ചാണ് ഈ സൂറത്തിന്റെ ആദ്യവചനം മുതൽക്കുള്ള സംസാരം. സന്ദർഭവശാൽ ഇടക്കുവെച്ച് അതുമായി ബന്ധപ്പെട്ട വിഷയങ്ങളെന്ന നിലക്ക് മറ്റു ചില വസ്തുതകളും വിവരിച്ചു. അതിനുശേഷം, അവിശ്വാസികളുടെ അത്തരം പരിഹാസവാക്കുകളെക്കുറിച്ച് ഒട്ടും അസ്വാസ്ഥ്യപ്പെടരുതെന്നും, നല്ലപോലെ ക്ഷമ കൈകൊള്ളണമെന്നും നബിﷺയെ ഉപദേശിച്ചു. അവർ അങ്ങനെ പരിഹസിക്കുവാനും ശിക്ഷക്ക് ധൃതി കൂട്ടുവാനും കാരണം, അത് വളരെ വിദൂരവും അസംഭവ്യവുമായി അവർ കരുതുന്നതുകൊണ്ടാണെന്നും, എന്നാൽ അല്ലാഹുവിന്റെ അടുക്കൽ അത് ഒട്ടും വിദൂരമോ പ്രയാസപ്പെട്ടതോ അല്ലെന്നും പറഞ്ഞു നബിﷺയെ സമാധാനിപ്പിക്കുകയും ചെയ്തു. തുടർന്നുകൊണ്ട് അവർ പരിഹസിച്ച് ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന ആ ശിക്ഷയുടെയും, അത് സംഭവിക്കുന്ന ആ ദിവസത്തിന്റെയും ഗൗരവങ്ങളെക്കുറിച്ച് അല്ലാഹു താക്കീത് ചെയ്യുന്നു:-

يَوْمَ تَكُونُ ٱلسَّمَآءُ كَٱلْمُهْلِ ﴿٨﴾

﴿8﴾ ആകാശം എണ്ണക്കീടം (അഥവാ ലോഹ ദ്രാവകം) പോലെ ആയിത്തീരുന്ന ദിവസം. (അന്നാണ് ആ ശിക്ഷ സംഭവിക്കുക.)

وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ﴿٩﴾

﴿9﴾ പർവ്വതങ്ങൾ കടഞ്ഞരോമം പോലെ ആയിത്തീരുകയും ചെയ്യുന്ന (ദിവസം).

وَلَا يَسْـَٔلُ حَمِيمٌ حَمِيمًا ﴿١٠﴾

﴿10﴾ ഒരു ഉറ്റബന്ധുവും (മറ്റ്) ഒരു ഉറ്റ ബന്ധുവിനോട് (ഒന്നും) ചോദിക്കുന്നതുമല്ല.

يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍ بِبَنِيهِ ﴿١١﴾

﴾11﴿ അവർക്ക് അവരെ കാണിക്കപ്പെടും. (എന്നാലും പരസ്പരം അവർ അന്വേഷിക്കയില്ല.) കുറ്റവാളിയായുള്ളവൻ കൊതിക്കും; തന്റെ മക്കളെ (പ്രായശ്ചിത്തമാക്കി)ക്കൊണ്ട് അന്നത്തെ ശിക്ഷയിൽനിന്ന് താൻ മോചനം നേടിയിരുന്നെങ്കിൽ (നന്നായേനേ)!-

وَصَٰحِبَتِهِۦ وَأَخِيهِ ﴿١٢﴾

﴾12﴿ (മാത്രമല്ല) തന്റെ സഹധർമിണിയെയും, തന്റെ സഹോദരനെയും കൊണ്ടും;-

وَفَصِيلَتِهِ ٱلَّتِى تُـْٔوِيهِ ﴿١٣﴾

﴾13﴿ തനിക്ക് (രക്ഷാ) സങ്കേതം നൽകിയിരുന്ന തന്റെ ബന്ധുകുടുംബങ്ങളെകൊണ്ടും,-

وَمَن فِى ٱلْأَرْضِ جَمِيعًا ثُمَّ يُنجِيهِ ﴿١٤﴾

﴾14﴿ (അത്രയുമല്ല) ഭൂമിയിലുള്ളവരെ മുഴുവൻകൊണ്ടും, എന്നിട്ട് (പോലും) അതവനെ രക്ഷപ്പെടുത്തിയിരുന്നെങ്കിൽ (നന്നായേനേ എന്ന് കൊതിക്കും)!

﴾8﴿ يَوْمَ تَكُونُ ആയിത്തീരുന്ന ദിവസം ٱلسَّمَآءُ ആകാശം كَٱلْمُهْلِ എണ്ണക്കീടം
പോലെ, ലോഹദ്രാവകം പോലെ ﴾9﴿ وَتَكُونُ ٱلْجِبَالُ പർവ്വതങ്ങൾ ആയിത്തീരുകയും
كَٱلْعِهْنِ രോമത്തൂൾ (കടഞ്ഞരോമം, കടഞ്ഞ ചായം മുക്കിയ രോമം) പോലെ
﴾10﴿ وَلَا يَسْـَٔلُ ചോദിക്കുകയുമില്ല حَمِيمٌ ഒരു ഉറ്റബന്ധുവും, ചങ്ങാതിയും حَمِيمًا
ഒരു ഉറ്റബന്ധുവോട് ﴾11﴿ يُبَصَّرُونَهُمْ അവർക്ക് അവരെ കാട്ടികൊടുക്കപ്പെടും (കാ
ണുമാറാക്കും) يَوَدُّ കൊതിക്കും, മോഹിക്കും ٱلْمُجْرِمُ കുറ്റവാളി, മഹാപാപി لَوْ يَفْتَدِى
അവൻ മോചനം നേടിയിരുന്നെങ്കിൽ, തെണ്ടം നൽകാമായിരുന്നെങ്കിൽ (എന്ന്)
مِنْ عَذَابِ ശിക്ഷയിൽ നിന്ന് يَوْمِئِذٍ അന്നത്തെ بِبَنِيهِ തന്റെ മക്കളെകൊണ്ട് ﴾12﴿
وَصَٰحِبَتِهِ അവന്റെ കൂട്ടുകാരി (സഹധർമിണി- ഭാര്യ)യെയും وَأَخِيهِ തന്റെ സഹോ
ദരനെയും ﴾13﴿ وَفَصِيلَتِهِ അവന്റെ ബന്ധുകുടുംബങ്ങളെയും ٱلَّتِى تُـْٔوِيهِ അവന്
സങ്കേതം (രക്ഷ- അഭയം) നൽകുന്നതായ ﴾14﴿ وَمَن فِى ٱلْأَرْضِ ഭൂമിയിലുള്ളവ
രെയും جَمِيعًا മുഴുവനും ثُمَّ പിന്നെ (എന്നിട്ട്) يُنجِيهِ അതവനെ രക്ഷപ്പെടുത്തിയി
രുന്നു (വെങ്കിൽ എന്ന്)

കുറ്റവാളികളായ ദുർജനങ്ങളെ സംബന്ധിച്ചിടത്തോളം ആ ദിവസത്തിലെ ഭയങ്കരതയും സംഭവവികാസങ്ങളും എന്തുമാത്രമായിരിക്കുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. ഓരോരുത്തന്നും അവന്റെ കാര്യം മാത്രമല്ലാതെ, മറ്റുള്ളവരെപ്പറ്റി വല്ല വിചാരമോ അന്വേഷണമോ ഉണ്ടായിരിക്കയില്ല. താനല്ലാത്തവരെ മുഴുവൻ ബലികൊടുത്തിട്ടെങ്കിലും തനിക്ക് രക്ഷകിട്ടിയാൽ മതിയായിരുന്നുവെന്നായിരിക്കും ഓരോരുത്തനും കൊതിക്കുക. പക്ഷേ, ഫലമെന്ത്?! അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ. അല്ലാഹു പറയുന്നു:

كَلَّآ ۖ إِنَّهَا لَظَىٰ ﴿١٥﴾

﴾15﴿ അതുവേണ്ടാ [ആ കൊതി വേണ്ടാ]! നിശ്ചയമായും, അത് ലളാ [ആളിക്കത്തുന്ന നരകം] ആകുന്നു!

نَزَّاعَةً لِّلشَّوَىٰ ﴿١٦﴾

﴾16﴿ തലയുടെ തൊലി (ഉരിച്ചു) നീക്കുന്നത്!-

تَدْعُوا۟ مَنْ أَدْبَرَ وَتَوَلَّىٰ ﴿١٧﴾

﴾17﴿ പിന്നോക്കം പോകുകയും തിരിഞ്ഞുകളയുകയും ചെയ്തവരെ അത് വിളിക്കും,-

وَجَمَعَ فَأَوْعَىٰٓ ﴿١٨﴾

﴾18﴿ ശേഖരിച്ചു കൂട്ടുകയും എന്നിട്ട് (ചിലവഴിക്കാതെ) സൂക്ഷിച്ചുവെക്കുകയും ചെയ്ത (വരെ).

﴾15﴿ كَلَّآ അങ്ങനെയല്ല, അതുവേണ്ടാ إِنَّهَا നിശ്ചയമായും അത് لَظَىٰ 'ലളാ'യാണ് (ആളിക്കത്തുന്ന നരകമാണ്) ﴾16﴿ نَزَّاعَةً നീക്കി (ഉരിച്ചു) കളയുന്നതായിട്ട് لِّلشَّوَىٰ തലയുടെ തൊലിയെ, ചർമങ്ങളെ, തലയോട്ടിനെ ﴾17﴿ تَدْعُوا۟ അത് വിളിക്കും مَنْ أَدْبَرَ പിന്നോക്കം പോയവനെ وَتَوَلَّىٰ തിരിഞ്ഞുകളയുകയും ചെയ്തു ﴾18﴿ وَجَمَعَ ശേഖരിക്കുക (ഒരുമിച്ചുകൂട്ടുക)യും ചെയ്തു فَأَوْعَىٰٓ എന്നിട്ട് സൂക്ഷിച്ചുവെച്ച (പാത്രത്തിലാക്കിവെച്ച)

സാരം: അങ്ങനെയുള്ള വ്യാമോഹങ്ങളൊന്നും വേണ്ടാ. അതുകൊണ്ടൊന്നും ഫലമില്ല. കുറ്റവാളികൾക്ക് ലഭിക്കുവാൻപോകുന്നത് കത്തിജ്വലിക്കുന്ന നരകം മാത്രമാണ്. അത് അവരുടെ തലയുടെ തൊലി- അഥവാ ശരീരത്തിന്റെ പുറഭാഗങ്ങളൊക്കെ -ഉരിച്ചുകളയും. കുറ്റവാളികളെ രക്ഷപ്പെടുവാനോ ഒഴിഞ്ഞുമാറുവാനോ അത് വിടുകയില്ല. അവരെ അത് തന്നിലേക്ക് വിളിച്ചുവരുത്തുകതന്നെ ചെയ്യും.

الشوى(ശവാ) എന്ന പദത്തിന് 'തലയുടെ തൊലി, തലയോട്, ചർമങ്ങൾ' എന്നൊക്കെ അർത്ഥങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ഏതർത്ഥമെടുത്താലും ഉദ്ദേശ്യം വ്യക്തംതന്നെ. കുറ്റവാളികളെക്കുറിച്ച് അവരുടെ പ്രത്യേകതയായി ഇവിടെ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഇവയാണ്.

(1) പിന്നോക്കം പോകുക. അഥവാ സത്യവിശ്വാസം നിരാകരിക്കുക.

(2) തിരിഞ്ഞുകളയുക. അഥവാ കൽപനകളെ അവഗണിച്ച് അനുസരണക്കേട് കാണിക്കുക.

(3) ധനം ശേഖരിച്ച് വെക്കുകയും എന്നിട്ട് വേണ്ടവിധത്തിൽ ചിലവഴിക്കാതെയും, കടമകൾ നിറവേറ്റാതെയും കെട്ടിപ്പൂട്ടിവെക്കുക. മറ്റ് വിഷയങ്ങളിൽ ഒരുമാതിരി കൊള്ളാവുന്നവരാണെങ്കിൽപോലും ധനം കെട്ടിപ്പൂട്ടിവെക്കുന്നതിൽ ഉൽസുകരല്ലാത്ത ധനികൻമാർ കേവലം ദുർല്ലഭമായിരിക്കും. അങ്ങനെയുള്ളവർ ഇതുപോലുള്ള താക്കീതുകളെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മനുഷ്യസഹജമായ ഒരു കൊള്ളരുതായ്മയെ അല്ലാഹു എടുത്തുകാട്ടുന്നു:-

إِنَّ ٱلْإِنسَـٰنَ خُلِقَ هَلُوعًا ﴿١٩﴾

﴾19﴿ നിശ്ചയമായും, മനുഷ്യൻ അക്ഷമനായി (അഥവാ വേവലാതിക്കാരനായി) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾

﴾20﴿ അതായത്, തനിക്ക് ദോഷം ബാധിച്ചാൽ ക്ഷമകെട്ടവനായിട്ട്;-

وَإِذَا مَسَّهُ ٱلْخَيْرُ مَنُوعًا ﴿٢١﴾

﴾21﴿ തനിക്ക് ഗുണം ബാധിച്ചാൽ മുടക്കക്കാരനായിട്ടും.

﴾19﴿ إِنَّ ٱلْإِنسَـٰنَ നിശ്ചയമായും മനുഷ്യൻ خُلِقَ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു هَلُوعًا അക്ഷമനായി, വേവലാതിക്കാരനായി, ദുർബ്ബലനായി ﴾20﴿ إِذَا مَسَّهُ അവനെ ബാധിച്ചാൽ, തൊട്ടാൽ ٱلشَّرُّ ദോഷം, തിന്മ, കെടുതി جَزُوعًا ക്ഷമകെട്ടവനായിട്ട്, പൊറുതികെട്ടവനായി ﴾21﴿ وَإِذَا مَسَّهُ അവനെ ബാധിച്ചാൽ ٱلْخَيْرُ ഗുണം, നന്മ, നല്ലത് مَنُوعًا മുടക്കക്കാരനായിട്ടും, വിലക്കുന്നവനായും, തടയുന്നവനായി

ധനത്തിലാകട്ടെ, ദേഹത്തിലാകട്ടെ വല്ല ദോഷവും ബാധിക്കുമ്പോൾ വ്യസനവും, പരാതിയും, ഭയവും, നിരാശയും വല്ല ഗുണമോ നന്മയോ ബാധിച്ചാൽ അത് വേണ്ടവിധം ഉപയോഗപ്പെടുത്തുകയോ വിനിയോഗിക്കുകയോ ചെയ്യാതെ പിശുക്ക് കാണിച്ചും മറ്റും അതിന് തടസ്സം വരുത്തുക. ഇതാണ് മനുഷ്യൻ അക്ഷമനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞതിന്റെ അർത്ഥം. എന്നാൽ അവൻ സൃഷ്ട്യാതന്നെ ഇങ്ങിനെ ഒരു പോരായ്മയുള്ളവനായുള്ളവനെങ്കിലും ഈ സാവഭാവത്തെ നിയന്ത്രിക്കുവാനുള്ള പ്രതിവിധികളും അല്ലാഹു അവന് നിശ്ചയിച്ചി കൊടുക്കാതിരു

ന്നിട്ടില്ല. അല്ലാഹുവിനെക്കുറിച്ചുള്ള ബോധം, അവന്റെ അനുഗ്രഹത്തിലുള്ള വിശ്വാസം, മനക്കരുത്ത്, ഔദാര്യശീലം, ഭയഭക്തി, മരണാനന്തര രക്ഷാശിക്ഷകളെക്കുറിച്ചുള്ള സ്മരണ ആദിയായവയത്രെ അവ. ഈ ഗുണങ്ങൾ ആരിലുണ്ടോ അവരിൽ ആ ചീത്ത സ്വഭാവം പ്രകടമാകുകയില്ല. അവർ സന്താപത്തിൽ ക്ഷമയുള്ളവരും, സന്തോഷത്തിൽ നന്ദിയുള്ളവരുമായിരിക്കും. അങ്ങനെ രണ്ടവസ്ഥയിലും അവർ മാന്യൻമാരും, പുണ്യവാൻമാരും ആയിരിക്കുന്നതുമാകുന്നു. അല്ലാഹു പറയുന്നത് നോക്കുക:-

إِلَّا ٱلْمُصَلِّينَ ﴿٢٢﴾

﴾22﴿ നമസ്കരിക്കുന്നവർ ഒഴികെ,-

ٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَآئِمُونَ ﴿٢٣﴾

﴾23﴿ അതായത്, തങ്ങളുടെ നമസ്കാരത്തിൽ നിത്യനിഷ്ഠയുള്ള ആളുകൾ;

وَٱلَّذِينَ فِىٓ أَمْوَٰلِهِمْ حَقٌّ مَّعْلُومٌ ﴿٢٤﴾

﴾24﴿ തങ്ങളുടെ സ്വത്തുക്കളിൽ അറിയപ്പെട്ട (നിശ്ചിതമായ) അവകാശം ഉള്ളവരും (ഒഴികെ),-

لِّلسَّآئِلِ وَٱلْمَحْرُومِ ﴿٢٥﴾

﴾25﴿ (അതെ) ചോദിക്കുന്നവനും (ചോദിക്കുന്നതിന്) മുടക്കം ബാധിച്ചവനും;-

---

﴾22﴿ إِلَّا ٱلْمُصَلِّينَ നമസ്കരിക്കുന്നവരൊഴികെ ﴾23﴿ ٱلَّذِينَ അതായത് യാതൊരുകൂട്ടർ هُمْ അവർ عَلَىٰ صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തിൽ دَآئِمُونَ നിത്യനിഷ്ഠക്കാരാണ് ﴾24﴿ وَٱلَّذِينَ യാതൊരുകൂട്ടരും فِىٓ أَمْوَٰلِهِمْ അവരുടെ സ്വത്തുക്കളിലുണ്ട് حَقٌّ ഒരവകാശം, കടമ, ബാദ്ധ്യത مَّعْلُومٌ അറിയപ്പെട്ട, നിശ്ചിതമായ ﴾25﴿ لِّلسَّآئِلِ ചോദിക്കുന്നവന് وَٱلْمَحْرُومِ തടയപ്പെട്ടവനും, മുടക്കം ബാധിച്ചവനും

ചോദിച്ചാവശ്യപ്പെട്ട് വരുന്നവർക്കും, അഭിമാനംകൊണ്ടോ, അംഗവൈകല്യം, രോഗം മുതലായ കാരണങ്ങൾ നിമിത്തമോ അന്യനോട് ചോദിച്ചുവാങ്ങാൻ മുന്നോട്ട് വരാത്തവർക്കും തങ്ങളുടെ സ്വത്തിൽനിന്ന് അവകാശവും ഓഹരിയും കൊടുക്കേണ്ടതുണ്ടെന്ന ബോധമുള്ളവർ എന്ന് സാരം. സൂറത്തു ദ്ദാരിയാത്ത്, 19 -ാം വചനത്തിന്റെ വിവരണത്തിൽ വായിച്ചതെല്ലാം ഇവിടെയും സ്മരിക്കുക.

وَٱلَّذِينَ يُصَدِّقُونَ بِيَوْمِ ٱلدِّينِ ﴿٢٦﴾

﴾26﴿ പ്രതിഫല നടപടിയുടെ ദിവസത്തെ സത്യമാ(ക്കി വിശ്വസി)ക്കുന്നവരും;-

وَٱلَّذِينَ هُم مِّنْ عَذَابِ رَبِّهِم مُّشْفِقُونَ ﴿٢٧﴾

﴾27﴿ തങ്ങളുടെ റബ്ബിന്റെ ശിക്ഷ യെക്കുറിച്ച് ഭയപ്പാടുള്ളവരും (ഒഴികെ);-

إِنَّ عَذَابَ رَبِّهِمْ غَيْرُ مَأْمُونٍ ﴿٢٨﴾

﴾28﴿ (കാരണം) നിശ്ചയമായും, അവരുടെ റബ്ബിന്റെ ശിക്ഷ (വരികയില്ലെന്ന്) സമാധാനപ്പെട്ടുകൂടാത്തതാകുന്നു;-

---

﴾26﴿ وَٱلَّذِينَ يُصَدِّقُونَ സത്യമാക്കുന്ന (വിശ്വസിക്കുന്ന)വരും بِيَوْمِ ദിവസത്തെ
ٱلدِّينِ പ്രതിഫലത്തിന്റെ, നടപടിയുടെ ﴾27﴿ وَٱلَّذِينَ യാതൊരുവരും هُم അവർ
مِّنْ عَذَابِ ശിക്ഷയെക്കുറിച്ച് رَبِّهِم തങ്ങളുടെ റബ്ബിന്റെ مُّشْفِقُونَ ഭയപ്പാടുള്ളവരാണ്
﴾28﴿ إِنَّ عَذَابَ നിശ്ചയമായും ശിക്ഷ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ غَيْرُ مَأْمُونٍ സമാധാ
നപ്പെട്ടുകൂടാത്തതാണ് (വരികയില്ലെന്ന് വിശ്വസിക്കാവതല്ലാത്തതാണ്)

തങ്ങളുടെ നന്മകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ അല്ലാഹുവിന്റെ ശിക്ഷ തങ്ങളിൽ ബാധിച്ചേക്കുകയില്ലെന്ന് കരുതി അവർ വഞ്ചിതരാവുകയോ അതിനെക്കുറിച്ച് ഭയമില്ലാതെ സമാധാനപ്പെട്ടുകൊണ്ടിരിക്കുകയോ ചെയ്കയില്ല എന്ന് സാരം.

وَٱلَّذِينَ هُمْ لِفُرُوجِهِمْ حَـٰفِظُونَ ﴿٢٩﴾

﴾29﴿ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്നവരും (ഒഴികെ);

إِلَّا عَلَىٰٓ أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَـٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٣٠﴾

﴾30﴿ തങ്ങളുടെ ഭാര്യമാരെയോ, അല്ലെങ്കിൽ തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവരെയോ സംബന്ധിച്ചല്ലാതെ, കാരണം, അവർ ആക്ഷേപിക്കപ്പെട്ടുകൂടാത്തവരാകുന്നു.

فَمَنِ ٱبْتَغَىٰ وَرَآءَ ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْعَادُونَ ﴿٣١﴾

﴾31﴿ എന്നാൽ അതിനപ്പുറം ആരെങ്കിലും തേടുന്നതായാൽ ആ കൂട്ടർതന്നെയാണ് അതിരുകടന്നവർ.

وَٱلَّذِينَ هُمْ لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ رَٰعُونَ ﴿٣٢﴾	﴾32﴿ തങ്ങളുടെ അമാനത്ത് [വിശ്വസ്തത]കളെയും, ഉടമ്പടിയെയും പാലിച്ചുവരുന്നവരും,-
وَٱلَّذِينَ هُم بِشَهَـٰدَٰتِهِمْ قَآئِمُونَ ﴿٣٣﴾	﴾33﴿ തങ്ങളുടെ സാക്ഷ്യങ്ങളെ (ശരിക്ക്) നിർവ്വഹിക്കുന്നവരും,-
وَٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾	﴾34﴿ തങ്ങളുടെ നമസ്കാരത്തെപ്പറ്റി സൂക്ഷി(ച്ചു പാലി)ക്കുന്നവരും (ഒഴികെ)
أُوْلَـٰٓئِكَ فِى جَنَّـٰتٍ مُّكْرَمُونَ ﴿٣٥﴾	﴾35﴿ അക്കൂട്ടർ (എല്ലാം) സ്വർഗങ്ങളിൽവെച്ച് ആദരിക്കപ്പെടുന്നവരാകുന്നു.

﴾29﴿ وَٱلَّذِينَ യാതൊരുവരും هُمْ لِفُرُوجِهِمْ അവർ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ حَـٰفِظُونَ കാത്തുസൂക്ഷിക്കുന്നവരാണ് ﴾30﴿ إِلَّا عَلَىٰٓ أَزْوَٰجِهِمْ തങ്ങളുടെ ഭാര്യമാരിൽ (ഭാര്യമാരെ സംബന്ധിച്ച്) ഒഴികെ أَوْ مَا مَلَكَتْ അല്ലെങ്കിൽ ഉടമപ്പെടുത്തിയവരുടെ أَيْمَـٰنُهُمْ തങ്ങളുടെ വലങ്കൈകൾ فَإِنَّهُمْ എന്നാൽ (കാരണം) അവർ غَيْرُ مَلُومِينَ ആക്ഷേപിക്കപ്പെടാത്ത (ആക്ഷേപിക്കപ്പെട്ടുകൂടാത്ത)വരാണ് ﴾31﴿ فَمَنِ ٱبْتَغَىٰ എന്നാൽ ആരെങ്കിലും തേടിയാൽ, ആവശ്യപ്പെട്ടാൽ وَرَآءَ ذَٰلِكَ അതിന്റെ അപ്പുറം فَأُوْلَـٰٓئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെയാണ് ٱلْعَادُونَ അതിരുവിട്ടവർ ﴾32﴿ وَٱلَّذِينَ യാതൊരുവരും هُمْ അവർ لِأَمَـٰنَـٰتِهِمْ തങ്ങളുടെ അമാനത്ത് (വിശ്വസ്തത)കളെ وَعَهْدِهِمْ തങ്ങളുടെ ഉടമ്പടി (പ്രതിജ്ഞ- കരാറ്)യെയും رَٰعُونَ പാലിക്കുന്ന (ഗൗനിക്കുന്ന)വരാണ് ﴾33﴿ وَٱلَّذِينَ യാതൊരുവരും هُم അവർ بِشَهَـٰدَٰتِهِمْ അവരുടെ സാക്ഷ്യങ്ങളെ قَآئِمُونَ നിറുത്തുന്ന (ശരിക്ക് നിർവ്വഹിക്കുന്ന)വരാണ് ﴾34﴿ وَٱلَّذِينَ യാതൊരുവരും هُمْ അവർ عَلَىٰ صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തെ يُحَافِظُونَ കാത്തുസൂക്ഷിച്ചു (സൂക്ഷ്മത പാലിച്ചു)വരുന്നു ﴾35﴿ أُوْلَـٰٓئِكَ അക്കൂട്ടർ فِى جَنَّـٰتٍ സ്വർഗങ്ങളിൽ مُّكْرَمُونَ ആദരിക്കപ്പെടുന്നവരാണ്

29 മുതൽ 32 കൂടിയ വചനങ്ങളും 34 -ാം വചനവും ഇതുപോലെ സൂ: മുഅ്മിനൂനിലും മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അവയുടെ വ്യാഖ്യാനത്തിൽ അവിടെ വായിച്ച സംഗതികളും ഹദീഥുകളും ഇവിടെയും ഓർത്തിരിക്കുന്നതാവശ്യമാണ്. 'വലങ്കൈ ഉടമപ്പെടുത്തിയവർ' (ما ملكت أيمانهم) എന്ന വാക്ക് ചിലർ ദുർവ്യാഖ്യാനം ചെയ്തതിനെപ്പറ്റി സൂ: മുഅ്മിനൂനിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും വിവരിച്ചിരിക്കുന്നു. ഇവിടെ അതെല്ലാം വീണ്ടും ആവർത്തിച്ചു ദീർഘിപ്പിക്കേണ്ടതില്ലല്ലോ.

സ്വർഗത്തിൽവെച്ച് ആദരിക്കപ്പെടുന്നവരെന്ന് അല്ലാഹു സന്തോഷവാർത്ത അറിയിക്കുകയും, അക്ഷമരും ദുർബലരുമല്ലാത്തവരെന്ന് അവൻ പ്രശംസിക്കുകയും ചെയ്ത ഈ സജ്ജനങ്ങളുടെ സവിശേഷത പലതും ഈ വചനങ്ങളിൽ അല്ലാഹു എടുത്തുപറഞ്ഞിരിക്കുന്നു. അവയിൽ ഒന്നാമത്തെതായി എണ്ണിയത് നമസ്കരിക്കുന്നവരെയാണ്. നമസ്കരിക്കുന്നവരെന്ന് പറഞ്ഞു മതിയാക്കാതെ, അതിൽ നിത്യനിഷ്ഠപാലിക്കുന്നവരെന്നുകൂടി പറഞ്ഞിരിക്കുന്നു. ഏറ്റവും അവസാനമായി എടുത്തുപറഞ്ഞതും നമസ്കാരത്തെപ്പറ്റിത്തന്നെ. നമസ്കാരങ്ങളുടെ എണ്ണം പൂർത്തിയാക്കിയാലും പോര, അതിലെ കടമകളും മര്യാദകളും പാലിച്ചുകൊണ്ടും, അതിന് വേണ്ടത്ര വിലയും നിലയും കല്പിച്ചുകൊണ്ടും അതിൽ സൂക്ഷ്മതപാലിക്കുകകൂടി വേണമെന്നാണ് അവസാനം ഓർമിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം നമസ്കാരത്തിന് ഇസ്‌ലാമിലുള്ള പ്രാധാന്യത്തെയാണ് കുറിക്കുന്നത്. ഇവിടെ മാത്രമല്ല, ക്വുർആൻ പലപ്പോഴും ഇങ്ങനെ നമസ്കാരത്തെപ്പറ്റി വിവിധ വാചകങ്ങളിൽ ഊന്നിപ്പറഞ്ഞും ആവർത്തിച്ചുംകൊണ്ടിരിക്കുന്നത് കാണാം. നമസ്കാരത്തിന്റെ കാര്യത്തിൽ അലസൻമാരായ മുസ്‌ലിം പാമരൻമാരും, അതിന് വേണ്ടത്ര വിലകൽപിക്കാറില്ലാത്ത ഇന്നത്തെ ചില പുരോഗമനാശയക്കാരും ഇതെല്ലാം വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടതായിരിക്കുന്നു.

വിഭാഗം- 2

فَمَالِ ٱلَّذِينَ كَفَرُواْ قِبَلَكَ مُهۡطِعِينَ ﴿٣٦﴾

﴿36﴾ എന്നാൽ, അവിശ്വസിച്ചവർക്ക് എന്താണ് (അവർ) നിന്റെ മുമ്പിൽ (കഴുത്ത് നീട്ടിനോക്കി) പാഞ്ഞു പോയ്കൊണ്ടിരിക്കുന്നു?-

عَنِ ٱلۡيَمِينِ وَعَنِ ٱلشِّمَالِ عِزِينَ ﴿٣٧﴾

﴿37﴾ വലത്തോട്ടും ഇടത്തോട്ടും കൂട്ടങ്ങളായി (ചിതറി)ക്കൊണ്ട്!

أَيَطْمَعُ كُلُّ ٱمْرِيٍٕ مِّنْهُمْ أَن يُدْخَلَ جَنَّةَ نَعِيمٍ ﴿٣٨﴾
كَلَّآ ۖ إِنَّا خَلَقْنَٰهُم مِّمَّا يَعْلَمُونَ ﴿٣٩﴾

﴾38﴿ അവരിൽ എല്ലാ (ഓരോ) മനുഷ്യനും മോഹിക്കുന്നുണ്ടോ, സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിൽ അവൻ പ്രവേശിപ്പിക്കപ്പെടുമെന്ന്?!

﴾39﴿ അതുവേണ്ടാ! അവരെ നാം അവർക്ക് അറിയാവുന്ന വസ്തുവിൽ നിന്നത്രെ സൃഷ്ടിച്ചിരിക്കുന്നത്.

﴾36﴿ فَمَالِ ٱلَّذِينَ كَفَرُوا۟ എന്നാൽ അവിശ്വസിച്ചവർക്കെന്താണ് قِبَلَكَ നിന്റെ മുമ്പിൽ (നേരെ, അടുക്കൽ) مُهْطِعِينَ കഴുത്തുനീട്ടി നോക്കി (ബദ്ധപ്പെട്ടു- വിളറിയെടുത്തു- പാഞ്ഞു) കൊണ്ടിരിക്കുന്നു ﴾37﴿ عَنِ ٱلْيَمِينِ വലഭാഗത്തൂടെ, വലത്തോട്ട് وَعَنِ ٱلشِّمَالِ ഇടഭാഗത്തൂടെയും, ഇടത്തോട്ടും عِزِينَ കൂട്ടങ്ങളായിട്ട്, ചിതറിപ്പിരിഞ്ഞുകൊണ്ട് ﴾38﴿ أَيَطْمَعُ മോഹിക്കുന്നുവോ, ആശിക്കുന്നുവോ كُلُّ ٱمْرِيٍٕ എല്ലാ (ഓരോ) മനുഷ്യനും مِّنْهُمْ അവരിൽ നിന്നുള്ള أَن يُدْخَلَ അവൻ പ്രവേശിപ്പിക്കപ്പെടുമെന്ന്, പ്രവേശിപ്പിക്കപ്പെടുവാൻ جَنَّةَ نَعِيمٍ സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിൽ ﴾39﴿ كَلَّا അതുവേണ്ട, അങ്ങനെയല്ല إِنَّا خَلَقْنَٰهُم നിശ്ചയമായും നാമവരെ സൃഷ്ടിച്ചിരിക്കുന്നു مِّمَّا يَعْلَمُونَ അവർക്ക് അറിയാവുന്ന വസ്തുവിൽ നിന്ന്

നബിﷺയുടെ നേരെ വെറുപ്പും അമർഷവും വെച്ചുകൊണ്ട് തുറിച്ചുനോക്കുക, അവിടുന്ന് പറയുന്ന കാര്യങ്ങളിൽ അസ്വസ്ഥരായി പ്രതിഷേധപൂർവ്വം ഇടവും വലവും വിറളിയെടുത്തു പാഞ്ഞുപോകുക, ഇതെല്ലാം മക്കഃയിലെ മുശ്‌രിക്കുകളുടെ പതിവായിരുന്നു. നബിﷺയുടെ സ്വഹാബികളെക്കുറിച്ച് 'ഇവരൊക്കെ സ്വർഗത്തിൽ കടക്കുകയോ' എന്ന് പരിഹാസത്തോടെ അവർ പറയുകയും ചെയ്യും. ഇങ്ങനെയുള്ള അവരുടെ ചെയ്തികളെയാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. അവർ അവരുടെ വ്യാമോഹങ്ങളെല്ലാം അങ്ങ് വിട്ടേക്കട്ടെ. അതൊന്നും നടക്കുവാൻ പോകുന്നില്ല. അവർക്കറിയാമല്ലോ അവരുടെ ഉൽഭവം എന്തിൽനിന്നാണെന്ന്. അതെ, കേവലം നിന്ദ്യമായ ഒരു വെള്ളത്തുള്ളിയിൽനിന്നാണത്. അപ്പോൾ ഉത്ഭവംകൊണ്ട് അവർ ഒരു പരിശുദ്ധവർഗമൊന്നുമല്ല. സത്യവിശ്വാസവും സൽക്കർമവും മാത്രമാണ് അല്ലാഹുവിങ്കൽ പരിശുദ്ധതക്കുള്ള ഉപാധികൾ. അത് കൂടാതെ സ്വർഗത്തിൽ പ്രവേശിക്കാമെന്ന് അവർ മോഹിച്ചിട്ട് കാര്യമില്ല. അവരെ സൃഷ്ടിച്ചുണ്ടാക്കിയവൻ അവരുടെ മേൽ വേണ്ട നടപടിയും എടുക്കുന്നതാകുന്നു. എന്നൊക്കെയാണ് 39 -ാം വചനത്തിലെ ആ ചെറുവാക്യം മുഖേന അവരെ താക്കീത് ചെയ്യുന്നത്.

فَلَآ أُقۡسِمُ بِرَبِّ ٱلۡمَشَٰرِقِ وَٱلۡمَغَٰرِبِ إِنَّا لَقَٰدِرُونَ ﴿٤٠﴾

﴾40﴿ എന്നാൽ, ഉദയസ്ഥാനങ്ങളുടെയും അസ്തമയസ്ഥാനങ്ങളുടെയും റബ്ബിനെക്കൊണ്ട് ഞാൻ (ഇതാ) സത്യം ചെയ്തു പറയുന്നു!- നിശ്ചയമായും നാം കഴിവുള്ളവർ തന്നെയാണ്,-

عَلَىٰٓ أَن نُّبَدِّلَ خَيۡرًا مِّنۡهُمۡ وَمَا نَحۡنُ بِمَسۡبُوقِينَ ﴿٤١﴾

﴾41﴿ അവരെക്കാൾ ഉത്തമമായവരെ അവർക്ക് പകരം കൊണ്ടുവരുവാൻ, നാം മുൻകടക്കപ്പെടുന്നവരല്ലതാനും [പരാജയപ്പെട്ടു പോകുന്നവരുമല്ല].

﴾40﴿ فَلَآ أُقۡسِمُ എന്നാൽ ഞാൻ സത്യം ചെയ്തുപറയുന്നു بِرَبِّ ٱلۡمَشَٰرِقِ ഉദയസ്ഥാനങ്ങളുടെ റബ്ബിനെകൊണ്ട് وَٱلۡمَغَٰرِبِ അസ്തമയസ്ഥാനങ്ങളുടെയും إِنَّا നിശ്ചയമായും നാം لَقَٰدِرُونَ കഴിവുള്ളവർ തന്നെ ﴾41﴿ عَلَىٰٓ أَن نُّبَدِّلَ നാം പകരംകൊണ്ടുവരാൻ خَيۡرًا مِّنۡهُمۡ അവരെക്കാൾ ഉത്തമരായവരെ وَمَا نَحۡنُ നാം അല്ലതാനും بِمَسۡبُوقِينَ മുൻകടക്കപ്പെടുന്നവർ, പരാജയപ്പെടുത്തപ്പെടുന്നവർ

لا أقسم എന്ന വാക്കിനെക്കുറിച്ച് സൂ: വാകിഅഃ 75 ലും, ഉദയാസ്തമയ സ്ഥാനങ്ങളെക്കുറിച്ച് സൂ: സ്സ്വാഫ്ഫാത്ത് 5 ലും വിവരിച്ചത് ഓർക്കുക. ഈ അവിശ്വാസികളെയെല്ലാം അങ്ങ് നശിപ്പിച്ച് അവരെക്കാൾ ഉത്തമമായ ഒരു ജനതയെ രംഗത്തുവരുത്തുവാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ല. അവൻ അങ്ങനെ ചെയ്യുന്ന പക്ഷം അവനെ പിന്നോക്കമാക്കി പരാജയപ്പെടുത്തുവാൻ ആരുമില്ലതാനും. പക്ഷേ, അല്ലാഹു അങ്ങനെ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടാണ് അവരെ ഒഴിവാക്കിവിട്ടിരിക്കുന്നത്. എന്നൊക്കെയാണ് അല്ലാഹു സത്യം ചെയ്തു പറഞ്ഞതിന്റെ സാരം.

فَذَرۡهُمۡ يَخُوضُواْ وَيَلۡعَبُواْ حَتَّىٰ يُلَٰقُواْ يَوۡمَهُمُ ٱلَّذِي يُوعَدُونَ ﴿٤٢﴾

﴾42﴿ (നബിയേ) ആകയാൽ നീ അവരെ വിട്ടേക്കുക- അവർ (തോന്നിയവാസത്തിൽ) മുഴുകിയും കളിച്ചും കൊണ്ടിരിക്കട്ടെ, അവരോട് വാഗ്ദത്തം [താക്കീത്] ചെയ്യപ്പെടുന്ന അവരുടെ (ആ) ദിവസവുമായി അവർ കണ്ടുമുട്ടുന്നതുവരേക്കും!

يَوْمَ يَخْرُجُونَ مِنَ ٱلْأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَىٰ نُصُبٍ يُوفِضُونَ ﴿٤٣﴾

﴿43﴾ അതായത് ഖബ്‌റുകളിൽനിന്ന് അവർ ബദ്ധപ്പെട്ടവരായി പുറത്തുവരുന്ന ദിവസം; അവർ ഒരു നാട്ടക്കുറിയിലേക്ക് ധൃതിപ്പെട്ടുവരുന്നതുപോലെയിരിക്കും;

خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۚ ذَٰلِكَ ٱلْيَوْمُ ٱلَّذِى كَانُوا۟ يُوعَدُونَ ﴿٤٤﴾

﴿44﴾ -അവരുടെ കണ്ണുകൾ (വിനയപ്പെട്ടു) താഴ്മകാണിച്ചുകൊണ്ട് -നിന്ദ്യത അവരെ ആവരണം ചെയ്യുന്നതാണ്. അതത്രെ, അവരോട് വാഗ്ദത്തം [താക്കീത്] ചെയ്യപ്പെട്ടിരുന്ന (ആ) ദിവസം!

﴿42﴾ فَذَرْهُمْ ആകയാൽ നീ അവരെ വിട്ടേക്കുക يَخُوضُوا۟ അവർ മുഴുകിക്കൊണ്ടിരിക്കട്ടെ وَيَلْعَبُوا۟ കളിച്ചുകൊണ്ടുമിരിക്കട്ടെ حَتَّىٰ يُلَٰقُوا۟ അവർ കണ്ടുമുട്ടുന്നത് വരേക്കും يَوْمَهُمُ അവരുടെ ദിവസത്തെ ٱلَّذِى يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്നതായ ﴿43﴾ يَوْمَ يَخْرُجُونَ അവർ പുറപ്പെടുന്ന ദിവസം مِنَ ٱلْأَجْدَاثِ ഖബ്‌റു (ശവക്കുഴി)കളിൽ നിന്ന് سِرَاعًا ബദ്ധപ്പെട്ടു, വേഗതയുള്ളവരായി كَأَنَّهُمْ അവർ (ആകുന്നു) എന്നപോലെ إِلَىٰ نُصُبٍ ഒരു നാട്ടക്കുറി (നാട്ടിയകുറി)യിലേക്ക് يُوفِضُونَ ധൃതിപ്പെട്ടു (പാഞ്ഞു) വരുന്ന (എന്നപോലെ) ﴿44﴾ خَٰشِعَةً താഴ്മ (വിനയം) കാട്ടിക്കൊണ്ട് أَبْصَٰرُهُمْ അവരുടെ ദൃഷ്ടികൾ, കണ്ണുകൾ تَرْهَقُهُمْ അവരെ ആവരണം ചെയ്യും, മൂടും (ബാധിക്കും) ذِلَّةٌ നിന്ദ്യത ذَٰلِكَ അത്, അതത്രെ ٱلْيَوْمُ ദിവസമാണ്, ദിവസം ٱلَّذِى كَانُوا۟ يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെട്ടിരുന്ന

ഖിയാമത്ത്നാളിലെ രണ്ടാമത്തെ കാഹളം ഊത്തിനെത്തുടർന്ന് എല്ലാവരും ഖബ്‌റുകളിൽനിന്ന് ഭയവിഹ്വലരായുംകൊണ്ട് എഴുന്നേറ്റ് 'മഹ്ശറി'ലേക്ക് ഓടിവരുന്നതിനെയാണ് ഒരു നാട്ടക്കുറിയെ ഉന്നംവെച്ച് ധൃതിപ്പെട്ടു പാഞ്ഞുവരുമ്പോലെ എന്ന് ഉപമിച്ചിരിക്കുന്നത്. ഇന്നത്തെ ഈ ഊക്കും ധാർഷ്ട്യവുമെല്ലാം അവസാനിച്ച് അന്ന് അവരെല്ലാം താഴ്മയോടും വിനയത്തോടുംകൂടി നിന്ദ്യമായ നിലയിൽ അവിടെ സമ്മേളിക്കും. ഇപ്പോൾ ഒരു വിധത്തിലും അവർ വഴങ്ങുന്നില്ലെങ്കിൽ തൽക്കാലം അവരെ അവരുടെ പാട്ടിന് വിട്ടേക്കുക എന്ന് താൽപര്യം.

والله أعلم واليه المرجع والمأب